LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ നിലവിലുള്ളത് ഫോറസ്റ്റ് സേനയുടെ സംവിധാനമാണ്. നേരത്തെ ഇക്കാര്യം സംബന്ധിച്ച് ആഭ്യന്തര വകുപ്പു മന്ത്രിയുമായി ചർച്ച നടത്തിയിരുന്നു. അത് ബന്ധപ്പെട്ട വനംവകുപ്പുമായികൂടി ചർച്ച ചെയ്തുകൊണ്ട് ആ മേഖലയിൽ കൂടി ഏതാണ്ട് പൂർണ്ണ തോതിലുള്ള സർവെയ്‌ലൻസ് ഏർപ്പെടുത്തികൊണ്ട് ഏതെങ്കിലും തരത്തിലുള്ള തീവ്രവാദ-വിധ്വംസക വിഭാഗീയ പ്രവർത്തകരുടെ നുഴഞ്ഞുകയറ്റമോ കടന്നു കയറ്റമോ ഉണ്ടെങ്കിൽ പ്രതിരോധിക്കാൻ ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റിന്റെ നിർദ്ദേശമനുസരിച്ച് കാറ്റഗറൈസ് ചെയ്യപ്പെട്ടിട്ടുള്ള 'എ' കാറ്റഗറിയിൽപ്പെടുന്ന ഒരു ഡാം എന്ന നിലയിൽ അതീവ സുരക്ഷാ സംവിധാനത്തിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഇക്കാര്യത്തെ സംബന്ധിച്ചിടത്തോളം അവിടത്തെ പോലീസ് സേനയ്ക്ക് ആവശ്യമായിട്ടുള്ള സംവിധാനങ്ങളൊരുക്കുന്നതിന് പലപ്പോഴും തമിഴ്നാട് സർക്കാർ സഹകരിക്കുന്നില്ല. വളരെ പരിമിതമായ അടിസ്ഥാന സൗകര്യങ്ങൾ മാത്രമാണ് പോലീസിന് ഇപ്പോഴും അവിടെ കൊടുക്കാൻ കഴിയുന്നത്. ആ കാര്യത്തിൽ അവിടത്തെ കേരളാ പോലീസ് സേനയെത്തന്നെ നീക്കം ചെയ്യണമെന്നുള്ള ആവശ്യമാണ് തമിഴ്നാട് പലപ്പോഴും ഉന്നയിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ പരിമിതമായ സൗകര്യങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി മെച്ചപ്പെട്ട സുരക്ഷാ സംവിധാനമാണ് കേരളാ പോലീസിന്റെ നേതൃത്വത്തിൽ ഇന്ന് ഡാം പരിസരത്ത് നടന്നുകൊണ്ടിരിക്കുന്നത്.

(2) കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. വി. ജെ. തങ്കപ്പൻ : സർ, കൈത്തറി മേഖലയിൽ 450-ഓളം പ്രൈമറി സഹകരണ സംഘങ്ങളുണ്ട്. അതിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമേ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങളുള്ളൂ. ആ വ്യവസായ സഹകരണ സംഘങ്ങളെല്ലാം ഇൻഡസ്ട്രിയൽ നിയമമനുസരിച്ച് മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. അതുകൊണ്ട് എല്ലാ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങളും അവിടത്തെ തൊഴിലാളികൾക്ക് ലീവ് വിത്ത് വേജസ് കൊടുക്കണം. ഹോളിഡേ വേജസ് കൊടുക്കണം, പെൻഷനും ഗ്രാറ്റുവിറ്റിയും കൊടുക്കണം, ഇ.എസ്.ഐ., പ്രോവിഡന്റ് ഫണ്ട് ഇതെല്ലാം കൊടുക്കാൻ സൊസൈറ്റിയുടെ മാനേജുമെന്റ് ബാധ്യസ്ഥരാണ്. കൈത്തറി മേഖലയിൽ കൈത്തറിയിൽനിന്നും നെയ്ത് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റ് അതിന്റെ ലാഭത്തിൽ നിന്നും വേണം ഇത് കൊടുക്കാൻ. ഒരു കാരണവശാലും ഒരു സംഘത്തിനും ഇതിന്റെ ലാഭത്തിൽ നിന്ന് ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും ഇ.എസ്.ഐ.യുമെല്ലാം നേരിടാൻ കഴിയില്ല. അത് മുമ്പുമുതൽതന്നെ സംസ്ഥാന സർക്കാരാണ് കുറേയൊക്കെ സഹായിക്കുന്നത്. ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുകയും പ്രവർത്തന മൂലധനമുൾപ്പെടെ ഈവക കാര്യങ്ങൾ നേരിടാൻവേണ്ടി 14 ലക്ഷം രൂപ വീതം

എല്ലാ ഇൻഡസ്ട്രിയൽ സഹകരണ സംഘങ്ങൾക്കും അനുവദിക്കുകയും ചെയ്തു. ഇപ്പോൾ വർഷം നാല് കഴിഞ്ഞിരിക്കുന്നു. ഇനിയും എന്തെങ്കിലുമൊരു സപ്പോർട്ട് സർക്കാരിന്റെ ഭാഗത്തു നിന്നും ഉണ്ടായില്ലെങ്കിൽ ഈ ഇൻഡസ്ട്രിയൽ സംഘങ്ങൾ മിക്കവാറും പൂട്ടിപ്പോകുമെന്നുള്ളതാണ് ഒരു വസ്തുത. 95 ശതമാനം മുതൽമുടക്കും ഗവൺമെന്റിന്റേതാണ്. ഇവ പൂട്ടിപ്പോകുന്ന അവസ്ഥ വരാതിരിക്കാൻവേണ്ടിയുള്ള ചില നടപടികൾ മുമ്പ് എടുത്തതുപോലെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് ആദ്യമായി പറയാനുള്ളത്.

10.00.AM

ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്നും കടമെടുത്ത വകയിൽ ലക്ഷക്കണക്കിന് രൂപ ഓരോ സംഘവും കൊടുക്കാനുണ്ട്. അങ്ങനെ കൊടുക്കാനുള്ളതുകൊണ്ട് റിബേറ്റ് ഇനത്തിൽ കിട്ടുന്ന തുക ഡിസ്ട്രിക്റ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ കാഷ് ക്രെഡിറ്റ് അക്കൗണ്ടിൽ അടച്ചാൽ പിന്നെ അത് തിരിച്ചുകിട്ടാൻ ഇടയില്ല. അതുകൊണ്ട് ഗവൺമെന്റ് അനുവദിക്കുന്ന റിബേറ്റ് ഗ്രാന്റ് പോലും ക്ലെയിം ചെയ്യാനുള്ള, കഴിവില്ലാതെ വന്നിരിക്കുകയാണ്. ഡിമാന്റ് ഗ്രാന്റിന്റെ ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഒരു വിഷയം ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കുന്നു എന്നാണ്. കയർ മേഖലയിൽ പൂർണ്ണമായി നടപ്പാക്കി. കൈത്തറി മേഖലയിലും ഇൻകം സപ്പോർട്ട് സ്കീം നടപ്പാക്കുമെന്നാണ്. അത് പൂർണ്ണമായി കൈത്തറിമേഖലയിൽ നടപ്പാക്കാനുള്ള ഒരു സംവിധാനം ബഹുമാനപ്പെട്ട ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇൻകം സപ്പോർട്ട് സ്കീം യഥാർത്ഥ തൊഴിലാളികളുടെ കൈയിൽ എത്തുന്നതിനുവേണ്ടിയുള്ള ഒരു സംവിധാനമായിരിക്കണം ഉണ്ടാക്കേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ കൈത്തറിമേഖലയിൽ എന്തെങ്കിലും ഇന്ററസ്റ്റ് സബ്സിഡി നൽകാനുള്ള കാര്യവും ഗവൺമെന്റ് ആലോചിക്കണം അതല്ലെങ്കിൽ പ്രൈമറി സംഘങ്ങളായാലും ഇൻഡസ്ട്രിയൽ സംഘങ്ങളായാലും കൈത്തറി മേഖല ആകെ പുറകോട്ടുപോകും എന്നുള്ളതാണ് യാഥാർത്ഥ്യം. ഗവൺമെന്റിന്റെ പ്രത്യേക സംരക്ഷണം ഇക്കാര്യത്തിലുണ്ടാകണം എന്നാണ് ഗവൺമെന്റിനോട് അപേക്ഷിക്കാനുള്ളത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരിം) : സർ, കേരളത്തിലെ കൈത്തറി സഹകരണ സംഘങ്ങൾ ജില്ലാ സഹകരണ ബാങ്കുകളിൽ നിന്നെടുത്ത പ്രവർത്തന മൂലധനവും അതിന്റെ പലിശയും തിരിച്ചടയ്ക്കാൻ മാർഗ്ഗമില്ലാതെ സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. അതിൽ നിന്ന് മോചനം ലഭിച്ചെങ്കിൽ മാത്രമേ അവയ്ക്ക് ലാഭകരമായി പ്രവർത്തിക്കാൻ സാധിക്കൂ. രാജ്യത്തെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെയും അപ്പെക്സ് സംഘങ്ങളുടെയും ബാങ്കിലെ കടബാധ്യത തീർക്കുന്നതിനായി കേന്ദ്ര സർക്കാർ 2600 കോടി രൂപയുടെ ഒരു ഫിനാൻഷ്യൽ പാക്കേജ് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി പ്രാഥമിക കൈത്തറി സംഘങ്ങളുടെ 361.15 കോടി രൂപയുടെയും അപ്പെക്സ് സംഘങ്ങളുടെ 221.14 കോടി രൂപയുടെയും 31-3-2007 വരെയുള്ള കടബാധ്യത എഴുതിത്തള്ളുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രൊപ്പോസൽ സംസ്ഥാന സർക്കാർ നബാർഡിന് സമർപ്പിച്ചുകഴിഞ്ഞു. ഇതിൽ 75 ശതമാനം കേന്ദ്ര വിഹിതവും 20 ശതമാനം സംസ്ഥാന വിഹിതവും 5 ശതമാനം സംസ്ഥാന സഹകരണ ബാങ്കിന്റെ വിഹിതവുമാണ്. ഇതിൽ കേരളത്തിന്റെ വിഹിതം നൽകാൻ തയ്യാറാണെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. പക്ഷേ, ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം ഇതുവരെ അറിയിച്ചിട്ടില്ല. എങ്കിലും കേരള സർക്കാർ കൈത്തറി സംഘങ്ങളുടെ പ്രവർത്തന മൂലധന ലഭ്യത മെച്ചപ്പെടുത്താൻ രണ്ട് പദ്ധതികൾ വഴി ധനസഹായം നൽകിവരുന്നു. കൈത്തറി സഹകരണ സംഘങ്ങളിൽ ഇപ്പോൾ ഓഹരി പങ്കാളിത്തം നൽകുന്ന പദ്ധതിയും പീഡിത കൈത്തറി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതിയുമാണിവ. കൂടിൽ മാതൃക സംഘങ്ങൾ, ഫാക്ടറി മാതൃക സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ എന്നിവയിലെ അംഗങ്ങൾ എടുക്കുന്ന ഓഹരികൾ യഥാക്രമം 2-3-5 ഇരട്ടി ഓഹരി പങ്കാളിത്തമാണ് സർക്കാരിനുള്ളത്. ഒരു സംഘത്തിന് ഒരു വർഷം പരമാവധി 5 ലക്ഷം രൂപ ഓഹരി പങ്കാളിത്തമായി നൽകുന്നു. കഴിഞ്ഞ നാല് വർഷങ്ങളിൽ 302 കൈത്തറി സംഘങ്ങൾക്കായി 711.32 ലക്ഷം രൂപ സർക്കാർ ഓഹരി പങ്കാളിത്തമായി നൽകിയിരുന്നു. ഈ വർഷം പദ്ധതിയിൽ 75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പീഡിത കൈത്തറി സംഘങ്ങളുടെ പുനരുദ്ധാരണ പദ്ധതി പ്രകാരം നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഫാക്ടറി മാതൃക കൈത്തറി സംഘങ്ങൾക്ക് പ്രവർത്തന മൂലധനമായി 5 ലക്ഷം രൂപ വരെയും ഫാക്ടറി ഷെഡിന്റെ മെയ്ന്റനൻസിനായി 3 ലക്ഷം രൂപ വരെയും പി.എഫ്. ഇ.എസ്.ഐ. കുടിശ്ശിക തീർക്കാൻ 5 ലക്ഷം രൂപ വരെയും പ്രോവിഡന്റ് ഫണ്ട് ഡൈവേഴ്സിഫിക്കേഷനായി ഒരു ലക്ഷം രൂപ വരെയും അങ്ങനെ 14 ലക്ഷം രൂപ വരെ ഒരു സംഘത്തിന് ഗ്രാന്റായി ലഭിക്കുന്നു. കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് 147 കൈത്തറി സഹകരണ സംഘങ്ങൾക്കായി 700 ലക്ഷം രൂപ ഈ പദ്ധതി പ്രകാരം വിതരണം ചെയ്യുകയുണ്ടായി. കൂടാതെ കൈത്തറി സംഘങ്ങൾക്ക് നൽകാനുണ്ടായിരുന്ന റിബേറ്റ് കുടിശ്ശിക മുഴുവനും റിബേറ്റിൽ അഡ്ജസ്റ്റ് ചെയ്തിരുന്ന മാർക്കറ്റിംഗ് സ്കീമിന്റെ ഭാഗമായി 11 കോടി രൂപയും വിതരണം ചെയ്യുകയുണ്ടായി. ഈ വർഷം ബഡ്ജറ്റിലുള്ള 5 കോടി രൂപ ഉടനെ വിതരണം ചെയ്യും. കൈത്തറി സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ഉത്പന്നങ്ങൾ വിറ്റഴിക്കാനും മറ്റു പദ്ധതികൾ വഴിയും സർക്കാർ സഹായങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ചില കൈത്തറി സംഘങ്ങൾ നാമമാത്രമായ തൊഴിലാളികളുമായി പ്രവർത്തനം നടത്തുന്നുണ്ട്. അവയൊന്നും ഒരു മിനിമം ഉത്പാദനമെങ്കിലും നടത്താതെ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടാൽ മാത്രമേ തൊഴിലാളികൾക്കുള്ള ഹോളിഡേ വേജസും ഗ്രാറ്റുവിറ്റിയും വിതരണം ചെയ്യാൻ സാധിക്കുകയുള്ളു. ഈ സാഹചര്യത്തിൽ സംഘങ്ങളുടെ കടബാധ്യത അവസാനിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ നേരത്തെ പ്രഖ്യാപിച്ച പാക്കേജ് നടപ്പായി കിട്ടുന്നതിനുള്ള സമ്മർദ്ദം തുടർച്ചയായി നടത്തിവരികയാണ്. തൊഴിലാളികൾക്ക് മിനിമം കൂലി ഉറപ്പു വരുത്തുന്നതിന് പ്ലാനിംഗ് ബോർഡ് അംഗീകരിച്ച ഇൻകം സപ്പോർട്ട് സ്കീം ഈ വർഷം നടപ്പാക്കുന്നതിന് ആലോചിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ ഇൻഡസ്ട്രിയൽ സംഘങ്ങൾക്ക് ഒരു സാമ്പത്തികമായ സപ്പോർട്ട് നൽകി. അതുപോലെ ഒരു സപ്പോർട്ട് ഈ ഗവൺമെന്റ് വീണ്ടും നൽകാൻ തയ്യാറാകുമോ?

ശ്രീ. എളമരം കരീം: ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടുണ്ട്. അത് പരിശോധിച്ച് അപര്യാപ്തമാണെങ്കിൽ വീണ്ടും ഗവൺമെന്റ് ആലോചിക്കാം.

IV സബ്മിഷൻ

(1) ഹെൽത്ത് റിസോർട്ട്

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കോഴിക്കോട് ജില്ലയിലെ തലക്കളത്തൂരിൽ 1990-ൽ ഏതാണ്ട് നാലേക്കറോളം സ്ഥലത്ത് 4 കോടി രൂപ ചെലവഴിച്ച് ഒരു ആയുർവ്വേദ റിസോർട്ടും ദേശീയ നിലവാരമുള്ള ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിച്ചിരുന്നു. പല കാരണങ്ങളാൽ അത് തടസ്സപ്പെടുകയും അതിന്റെ പ്രവർത്തന പുരോഗതി മുന്നോട്ട് പോകാത്ത ദുരവസ്ഥയുമാണ് ആ സ്ഥാപനത്തിന് ഇപ്പോഴുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമൊക്കെ അവിടെ വരികയും ആ ദുരവസ്ഥ നേരിൽ മനസ്സിലാക്കുകയും അത് അങ്ങനെ തുടരാൻ അനുവദിക്കുന്നത് ഒരു ദേശീയ നഷ്ടമാണെന്ന നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്തതാണ്. പക്ഷേ, അങ്ങനെയായിട്ടും വർഷങ്ങൾ പലതു കഴിഞ്ഞിട്ടും ഗവൺമെന്റിന് അത് ബോധ്യമായിട്ടും അവിടെ എന്ത് നടപടിയാണ് സ്വീകരിക്കാൻ കഴിയുക എന്നത് സംബന്ധിച്ച ഒരു സമഗ്രമായ തീരുമാനം എടുത്ത് മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇനിയും കാലതാമസം ഉണ്ടായാൽ നമ്മുടെ ഈ ഗവൺമെന്റിന്റെ കാലത്ത് ആ കാര്യം ജനങ്ങൾക്ക് പ്രയോജനകരമാംവിധം പൂർത്തിയാക്കി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത അവസ്ഥ വന്നുചേരും. ആയതിനാൽ എത്രയും പെട്ടെന്ന് അത് സംബന്ധിച്ച് ഉചിതമായ, പ്രായോഗികമായ തീരുമാനം എടുത്ത് പ്രസ്തുത റിസോർട്ടിന്റെയും റിസർച്ച് സെന്ററിന്റെയും പ്രയോജനം പൊതുജനങ്ങൾക്കാകെ ലഭ്യമാക്കത്തക്കവിധത്തിലുള്ള തീരുമാനങ്ങൾ എടുക്കാൻ ഗവൺമെന്റ് അടിയന്തരമായും ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): സർ, ആരോഗ്യ വകുപ്പിന് കീഴിലുള്ള കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്.-ന്റെ പേരിൽ 1990-ലാണ് 1.6 ഹെക്ടർ സ്ഥലം കൈമാറിയത്. തുടർന്ന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. എ. സി. ഷൺമുഖദാസ് മുൻകൈയെടുത്തതിനെത്തുടർന്ന് 14000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഒരു കെട്ടിടം ഭാഗികമായി നിർമ്മിച്ചു